LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പുഴയുടെ സുഗമമായ നീരൊഴുക്കിന് ആവശ്യമായ പൈപ്പുകൾ സ്ഥാപിച്ചുകൊണ്ടാണ് മുൻകാലത്ത് കുറ്റ്യാടി ഇറിഗേഷൻ കനാൽ നിർമ്മിച്ചിട്ടുള്ളത്. എന്നാൽ കാലക്രമേണ ഈ പൈപ്പുകൾ അടഞ്ഞതു കാരണം പുഴയുടെ സ്വാഭാവിക ഒഴുക്കിൽ തടസ്സം നേരിട്ടിട്ടുണ്ട്. ഇത് ഈ പ്രദേശത്തെ ആവാസവ്യവസ്ഥയ്ക്ക് മാറ്റമുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുഴയെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി പുഴ കടന്നുപോകുന്ന സ്ഥലത്ത് ബോക്സ് കൾവർട്ട് നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രസ്തുത സ്ഥലത്ത് ബോക്സ് കൾവർട്ട് സ്ഥാപിച്ചാൽ സ്വാഭാവികമായ നീരൊഴുക്ക് പുനഃസ്ഥാപിക്കാൻ സാധിക്കും. ഏകദേശം 150 ലക്ഷം രൂപ ചെലവ് വരുന്ന മേൽ പ്രവൃത്തിക്ക് ആവശ്യമാവുന്ന ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കും.

ചാലിയാർ പുഴയുടെ തീരസംരക്ഷണം

160 (3866) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ പുഴയുടെ തീരത്തുള്ള വാഴക്കാട്, വാഴയൂർ, ചീക്കോട് ഗ്രാമപഞ്ചായത്തുകളിൽ പുഴയുടെ തീരം ഇടിഞ്ഞ് നാശനഷ്ടമുണ്ടായതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുഴയും സമീപപ്രദേശങ്ങളും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് ഏതെല്ലാം പ്രവൃത്തികൾക്ക് പ്രൊപ്പോസലുകൾ നൽകിയെന്നും ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയെന്നും വിശദമാക്കുമോ?

ചാലിയാർ പുഴയും സമീപപ്രദേശങ്ങളും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രൊപ്പോസലുകളും അനുമതി നൽകിയ പ്രവൃത്തികളുടെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*.

ആലത്തൂർ നിയോജകമണ്ഡലത്തിലെ കനാൽ റോഡുകളുടെ നവീകരണം

161 (3867) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കനാൽ റോഡുകൾ നവീകരിക്കുന്നതിനാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത് എന്നറിയിക്കാമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികളെക്കുറിച്ചുള്ള വിശദീകരണം ലഭ്യമാക്കാമോ?

ജലവിഭവ വകുപ്പിനുകീഴിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ കനാൽ റോഡുകൾ നവീകരിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. ജലവിഭവ വകുപ്പിന്റെ സ്ഥലം ഉപയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് താല്കാലികാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

പഴശ്ശി കനാൽ ഉപയോഗപ്പെടുത്താനുള്ള നടപടി

162 (3868) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി മറ്റ് പൊതു ആവശ്യങ്ങൾക്കായി വിട്ടുനൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ?

ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി മറ്റ് പൊതു ആവശ്യങ്ങൾക്കായി വിട്ടുനൽകുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിക്കുന്നമുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയും ഭൂമിയുടെ ലഭ്യതയനുസരിച്ച് ഓരോ കേസും പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതുമാണ്.

(ബി) കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന പഴശ്ശി കനാൽ, ജലസേചന സൗകര്യങ്ങൾക്കായി ഉപയോഗപ്പെടുത്താൻ എന്തെങ്കിലും സാദ്ധ്യതകളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട നവീകരണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽക്കൂടി കടന്നു പോകുന്ന മാഹി ബ്രാഞ്ച് കനാലിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തിയാവുന്ന മുറയ്ക്ക് ജലവിതരണം പുനരാരംഭിക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട ഡിസ്ട്രിബ്യൂട്ടറികളുടെയും ഫീൽഡ് ബോത്തികളുടെയും നവീകരണം നടത്തേണ്ടതുണ്ട്. ഫണ്ട് ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly